**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 824** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു ള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്കുവേണ്ടി ഏതൊക്കെ വകുപ്പുകളിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നു. സംസ്ഥാനത്തെ 89 വകുപ്പുകളിലെയും, ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിലെ ഇവരുടെ പ്രാതിനിധ്യം കണ്ടെത്താനായി - SC/ST വിഭാഗത്തിൽ 8% ഉം ST വിഭാഗത്തിൽ 2% ഉം ഉൾപ്പെടെ ആകെ 10% പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി - 89 വകുപ്പുകളിലും വാർഷിക അവലോകനം നടത്തിവരുന്നുണ്ട്. ഗസറ്റഡ്/ നോൺ ഗസറ്റഡ്/ ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ പ്രാതിനിധ്യക്കുറവ് കണ്ടെത്തുന്ന പക്ഷം SC/ST വിഭാഗത്തിലും ST വിഭാഗത്തിലുമായി കുറവ് പരിഹരിക്കുന്നതിനുള്ള തസ്തികകൾ കണ്ടെത്തി സംവരണം ചെയ്തു നൽകുകയും അതിനനുസരിച്ച് നിയമന നടപടികൾ സ്വീകരിച്ച് പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ